"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ അജൈവ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിലും ഡംപ് സൈറ്റുകളിലും തീപിടുത്ത സാധ്യത ഒഴിവാക്കുന്നതിനായി ഫയർ ഓഡിറ്റ് നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.112/2026/LSGD തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:- സ.ഉ.(സാധാ)നം.271/2025/LSGD തീയതി 29.01.2025.

**ഉത്തരവ്**

മാലിന്യ സംഭരണ കേന്ദ്രങ്ങൾ (എം.സി.എഫ്., ആർ.ആർ.എഫ്.), ലെഗസി ഡംപ് സൈറ്റുകൾ എന്നിവിടങ്ങളിൽ തീപ്പിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻ കരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും മാലിന്യ പരിപാലന കേന്ദ്രങ്ങളായ എം.സി.എഫ്. / ആർ.ആർ.എഫ്. / മിനി എം.സി.എഫ്. / ഡംപ് സൈറ്റ്, ഓഫീസ് സമുച്ചയങ്ങളിലെ എം.സി.എഫ്./ മിനി എം.സി.എഫ്.കളിലും മാലിന്യങ്ങൾ കൂമ്പാരമായി ശേഖരിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും, സംഭരണ കേന്ദ്രങ്ങളിലെ നിലവിലുള്ള അഗ്നിസുരക്ഷാ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടെത്തുന്നതിനും അടിയന്തര നടപടികൾ ആവശ്യമാണെന്ന് സർക്കാർ നിരീക്ഷിക്കുകയുണ്ടായി. വരും മാസങ്ങളിലെ ഉയർന്ന അന്തരീക്ഷ താപനിലയും ആഘോഷ - ഉൽസവ കാലങ്ങളുമായി ബന്ധപ്പെട്ട സാഹചര്യങ്ങളും കണക്കിലെടുത്ത്, സംഭരണ കേന്ദ്രങ്ങൾക്ക് ചുറ്റുമുള്ള പാഴ്വസ്തുക്കൾക്ക് തീപ്പിടുത്ത സാധ്യത വർധിക്കുന്നതിനാൽ, തദ്ദേശസ്ഥാപന തലത്തിൽ പ്രത്യേക ടീമുകൾ രൂപീകരിച്ച് ഫയർ ഓഡിറ്റ് അടിയന്തരമായി നടത്തേണ്ടതാണ്. ഓഡിറ്റ് ടീമിനെ അതാത് തദ്ദേശ സ്ഥാപന സെക്രട്ടറി പരാമർശ ഉത്തരവിൽ നിർദ്ദേശിച്ച ഘടന പ്രകാരം രൂപീകരിക്കേണ്ടതാണ്.

(3) മാലിന്യ സംഭരണ കേന്ദ്രങ്ങൾ (MCF / RRF), മിനി എം.സി.എഫുകൾ, ലെഗസി ഡംപ് സൈറ്റുകൾ, ഓഫീസ് സമുച്ചയങ്ങളിലെ എം.സി.എഫ്./ മിനി എം.സി.എഫ്.കളിലെയും മാലിന്യ

സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ അഗ്നിബാധ ഒഴിവാക്കുന്നതിനാവശ്യമായ സുരക്ഷാ മുൻകരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും ഉറപ്പാക്കുന്നതിന്റെയും ഫയർ ഓഡിറ്റ് നടത്തുന്നതിന്റെയും പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി, ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർക്കായിരിക്കും. ഫയർ ഓഡിറ്റ് സംബന്ധിച്ച് താഴെ പറയുന്ന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

- ഫയർ ഓഡിറ്റ് ടീം 2026 ജനുവരി 15-നകം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കേണ്ടതും സുരക്ഷാ സജ്ജീകരണങ്ങളുടെ ഗ്യാപ് അസ്സെസ്സ്മെൻ്റ് നടത്തേണ്ടതുമാണ്.
- കണ്ടെത്തുന്ന പോരായ്മകൾ ജനുവരി 25-നകം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനം പരിഹരിക്കേണ്ടതും checklist അപ്ഡേറ്റ് ചെയ്ത് സമർപ്പിക്കേണ്ടതുമാണ്.
- മേൽ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങളുടെ അവലോകനം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ 2026 ഫെബ്രുവരി 7 ന് മുൻപായി നടത്തേണ്ടതാണ്.
- 2026 ഫെബ്രുവരി 7 ന് ശേഷം ഓരോ രണ്ടാഴ്ച കൂടുമ്പോഴും പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ സുരക്ഷാ സജ്ജീകരണങ്ങൾ സംബന്ധിച്ച അവലോകനയോഗം ചേരേണ്ടതും, സർക്കാരിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(4) ഫയർ ഓഡിറ്റിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ചെക്ക് ലിസ്റ്റ് പ്രകാരം ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് അനുബന്ധ റിപ്പോർട്ട് 2026 ജനുവരി 20-നകം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, പോരായ്മകൾ പരിഹരിക്കുന്നതിനുള്ള തുടർനടപടി പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

കോഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി.
ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവീസസ്.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യൂ.എം.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും.
(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vinod Kumar. V
Date: 14-01-2026 17:37:14
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.